(സി) അനുമതി ഇല്ലാതെ പാറപൊട്ടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പോലീസ് വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാറപൊട്ടിക്കുന്നതിനും വെടിമരുന്ന് ഉപയോഗിക്കുന്നതിനുമുള്ള ലൈസൻസ് കൊടുക്കുന്നത് പോലീസ് വകുപ്പല്ല. എന്നാൽ ഇത് നൽകുന്ന വകുപ്പ് അനുവാദം കൊടുക്കുമ്പോൾ പോലീസിന്റെ അനുമതി തേടാറുണ്ട്. അതുപ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നു.

(സി) ഉണ്ട്.

(ഡി) ഇത്തരക്കാരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

റോഡപകടങ്ങൾ

52 [826] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ 4 വർഷത്തിനിടയിൽ റോഡപകടങ്ങളിലൂടെ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) ഇതിൽ എത്ര പേർ പുരുഷൻമാരാണെന്നും സ്ത്രീകൾ എത്ര പേരാണെന്നും കുട്ടികൾ എത്ര പേരാണെന്നും അറിയിക്കാമോ ;

(സി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; സർക്കാർ എന്തൊക്കെ പരിഹാരമാർഗ്ഗങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 11677 പേർ മരണമടഞ്ഞു.

(ബി) പുരുഷൻമാർ — 9560

സ്ത്രീകൾ — 1586

കുട്ടികൾ — 531

LIBRARY ARCHIVES Kerala Legislative Assembly

(സി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി നിത്യേന കർശന വാഹനപരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഓവർസ്പീഡ്, ഓവർലോഡ്, ലൈസൻസ് ഇല്ലാതെയുള്ള വാഹനം ഓടിക്കൽ, അശ്രദ്ധമായ് വാഹനം ഓടിക്കൽ എന്നിവ കണ്ടെത്തി കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ടെലികമ്മ്യൂണിക്കേഷൻ കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

53 [827] ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 23-9-2003-ൽ നിലവിൽവന്ന കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ കോൺസ്റ്റബിൾ നിയമനത്തിനുള്ള പി. എസ്. സി.യുടെ റാങ്ക്ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ ഒഴിവുള്ള വേക്കൻസികൾ പി. എസ്. സി.യെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടും യഥാസമയം ഒഴിവുകൾ ബന്ധപ്പെട്ടവർ പി. എസ്. സി.യെ അറിയിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത ലിസ്റ്റിൽനിന്നും 340 പേർക്ക് നിയമനം നൽകി.

(ബി, സി) ഈ തസ്തികയിലുള്ള ഒഴിവുകൾ യഥാസമയം പി. എസ്. സി.യെ അറിയിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥതലത്തിൽ വർദ്ധിച്ചുവരുന്ന അഴിമതി

54 [828] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗസ്ഥതലത്തിൽ വർദ്ധിച്ചുവരുന്ന അഴിമതിയും ക്രമക്കേടും തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി ഉദ്യോഗസ്ഥ തലത്തിൽ അഴിമതി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly